# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 811

30/06/2015-ൽ മറുപടിക്ക്

## ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം

ചോദ്യം

ശ്രീ. എം. ഉമ്മർ

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പുമന്ത്രി)

എ) ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കാമോ ;

എ) തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ ഒരു സെക്ഷൻ ആയുർവേദ വിഭാഗത്തിന് മാത്രമായി പ്രവർത്തിക്കുന്നു. ഇവിടെ ഔഷധ ഗുണനിലവാര പരിശോധനയ്ക്കായി 1 അനലിസ്റ്റ് ഗ്രേഡ്-II ഉം, 2 അനലിസ്റ്റ് ഗ്രേഡ്-III ഉം ഉൾപ്പെടെ മൂന്നു ജീവനക്കാർ സേവനമനുഷ്ഠിക്കുന്നു. ഗുണനിലവാര പരിശോധന സാക്ഷ്യപ്പെടുത്തുന്നത് അനലിസ്റ്റ് ഗ്രേഡ്-II (ഗവൺമെന്റ് അനലിസ്റ്റ്) ആണ്. ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടർമാർ ഔഷധ നിർമ്മാണ ശാലകളിൽ നിന്നും പൊതു വിപണിയിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കുന്നു. പരിശോധനയിൽ ഗുണനിലവാരം ഇല്ല എന്ന് ബോധ്യപ്പെട്ടാൽ പ്രസ്തുത ഔഷധ നിർമ്മാതാവിനെതിരെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് ആന്റ് റൂൾസ് പ്രകാരം നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലുള്ള സംവിധാനങ്ങൾക്കു പുറമെ എറണാകുളത്ത് കാക്കനാട്ടുള്ള റീജിയണൽ

ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ ആയുർവേദത്തിനായി ഒരു വിഭാഗം അനുവദിച്ചിട്ടുണ്ട്.

ബി) ആയുർവേദ മരുന്നുകളുടെ പരസ്യം സംബന്ധിച്ച് എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്;

ബി) ആയുർവേദ ഔഷധങ്ങളുടെ പരസ്യങ്ങൾ നിയന്ത്രിക്കുവാൻ ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വൈർട്ടൈസ്മെന്റ്) ആക്ട് 1954 പ്രകാരം വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു. പരസ്യ നിയമം ലംഘിച്ചതിനെതിരെ 127 കേസ്സുകൾ സംസ്ഥാനത്തെ വിവിധ കോടതികളിലായി നടന്നു വരുന്നു.

സി) ഇത്തരം മരുന്നുകളുടെ ഗുണനിലവാര പരിശോധനാഫലം ജനങ്ങളിൽ എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

സി) ഗുണനിലവാരം ഇല്ലാത്ത ഔഷധങ്ങൾ (നോട്ട് ഓഫ് സ്റ്റാൻഡേർഡ് ക്വാളിറ്റി) സംബന്ധിച്ച വിവരങ്ങൾ പത്രദ്വാരാ പ്രസിദ്ധീകരിക്കുകയും വകുപ്പിന് കീഴിൽ വരുന്ന ജില്ലാ ആഫീസ്, റീജിയണൽ ആഫീസ് എന്നിവിടങ്ങളിൽ നോട്ടീസായി പ്രദർശിപ്പിക്കുകയും അരിഷ്ടാസവങ്ങളുടെ കാര്യത്തിൽ എക്സൈസ് വകുപ്പിനെ അറിയിക്കുകയും ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ